DESPATCHED
On.....08/06/2020



25/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.753(4)/2013/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4622/എസ്.ഐ.സി–ജി 2/2013)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ബാവൻ കുട്ടി,
S/o മുഹമ്മദ് ഇബ്രാഹിം,
കിണറുള്ളകണ്ടി വീട്,
പി.ഒ. താമരശ്ശേരി,
പിൻ– 673 573. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, താമരശ്ശേരി പോലീസ് സ്റ്റേഷൻ, താമരശ്ശേരി.
2. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി, ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, കോഴിക്കോട്.

} എതിർകക്ഷികൾ

ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ താമരശ്ശേരി പോലീസ് സ്റ്റേഷനിൽ 07.03.2013 ൽ നൽകിയ പരാതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരാഞ്ഞുകൊണ്ടാണ് 12.03.2013 ൽ ടി സ്റ്റേഷനിലെ എസ്.പി.ഐ.ഒ

യായ ഒന്നാം എതിർകക്ഷിക്ക് വിവരാവകാശ അപേക്ഷ നൽകിയത്. ടിയാന്റെ മകൻ മുഹമ്മദ് അസ്ലമിനെ കാണാനില്ലെന്നു പറഞ്ഞു നൽകിയ പരാതിയായതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷയ്ക്ക് 48 മണിക്കൂറിനുള്ളിൽ മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടിട്ട് അങ്ങനെ നൽകിയില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 20.05.2013 നു രണ്ടാം എതിർകക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറയുന്നത്, അപ്പീൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും കൃത്യമായ മറുപടി നൽകിയിട്ടുണ്ടെന്നാണ്. നേരത്തെ ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരനു നൽകിയ മറുപടിയിൽ, ടിയാൻ പരാമർശിക്കുന്ന 07.03.2013 ലെ പരാതി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല എന്നാണ്. പരാതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ആയതിന് മറുപടി നൽകുക പ്രായോഗികമല്ലല്ലോ. മറിച്ച്, പരാതി പോലീസ് സ്റ്റേഷനിൽ ലഭിച്ചിരുന്നു എന്നു തെളിയിക്കുന്നതിനുള്ള രേഖകളൊന്നും അപ്പീൽ ഹർജിക്കാരൻ ഹാജരാക്കിയിട്ടുമില്ല.

3. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരന് നൽകാവുന്ന മറുപടി ഇതിനകം നൽകിക്കഴിഞ്ഞതായി കമ്മീഷൻ കരുതുന്നു.

4. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 25.02.2020ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

re